# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പട്ടികജാതി ക്ഷേമ പ്രവർത്തനങ്ങൾക്കായി
അനുവദിച്ച/ചെലവഴിച്ച തുക

913

ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ വഴി പട്ടികജാതി വിഭാഗത്തിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക എത്രയാണെന്ന് പറയാമോ;

(ബി) അനുവദിക്കപ്പെട്ട തുകയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയും വകുപ്പ് നേരിട്ടും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>പട്ടിക ജാതി ക്ഷേമത്തിനായി നയം</u>

914 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി ക്ഷേമത്തിനായി നയം പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിന്റെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) നയരൂപീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പട്ടികജാതി ക്ഷേമവകുപ്പ് മുഖേന ആവിഷ്ക്കരിച്ച പദ്ധതികൾ

915 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പട്ടികജാതി ക്ഷേമ വകുപ്പു മുഖേന നടപ്പാക്കാൻ ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ അവസ്ഥയും വിശദമാക്കുമോ;

(സി) പ്രഖ്യാപിച്ചെങ്കിലും ആരംഭിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി
വകയിരുത്തിയതിൽ ചെലവഴിക്കാത്ത തുക

916 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2011-12, 2012-13 സാമ്പത്തികവർഷം പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനായി, വകുപ്പുവഴി നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും ചെലവഴിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുകകളിൽ ചെലവഴിക്കാൻ കഴിയാതെ ലാപ്സായിപ്പോയ തുക എത്ര വീതമായിരുന്നു?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി ക്ഷേമത്തിനായി അനുവദിച്ച തുക ഇടനിലക്കാർ തട്ടിയെടുക്കുന്നു എന്ന പ്രസ്താവന സംബന്ധിച്ച്</u>

917 ശ്രീ.എം. ചന്ദ്രൻ
'' കെ. രാധാകൃഷ്ണൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ.കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച തുക ഇടനിലക്കാർ തട്ടിയെടുക്കുന്നുവെന്ന കെ.പി.സി.സി. പ്രസിഡന്റിന്റെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും അന്വേക്ഷണം നടത്തുകയോ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(സി) പ്രസ്താവനയുടെ പശ്ചാത്തലത്തിൽ അന്വേഷണം നടത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>എം.എന്‍ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ</u>
<u>പരിഹരിക്കുന്നതിന് ധനസഹായം</u>

918 ശ്രീ.മോന്‍സ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2009-2010 സാമ്പത്തിക വര്‍ഷത്തില്‍ ഇ.എം.എസ് ഭവന പദ്ധതിയില്‍ ഉള്‍പ്പെടുത്തി എം.എന്‍ ലക്ഷം വീടുകള്‍ ഒറ്റ വീടായി പണിയുന്നതിന് തുക അനുവദിച്ചതില്‍ ഇനിയും പൂര്‍ത്തിയാകാത്ത വീടുകള്‍ക്ക് പട്ടിക ജാതി വികസന വകുപ്പില്‍ നിന്നും ധനസഹായം ലഭ്യമാക്കി വീട് നവീകരിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എം.എന്‍ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് പട്ടിക ജാതി വികസന വകുപ്പ് ധനസഹായം ലഭ്യമാക്കുമോ;

(സി) എം.എന്‍ ലക്ഷം വീടുകള്‍ക്ക് വൈദ്യുതി കണക്ഷന്‍ ലഭ്യമാക്കുന്നതിന് പട്ടിക ജാതി വികസന വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആയത് വിശദമാക്കാമോ;

(ഡി) എസ്.സി/എസ്.ടി ഘടക പദ്ധതി അനുസരിച്ച് എം.എന്‍ ലക്ഷം വീടുകോളനികളിലേക്ക് കുടി വെള്ളമെത്തിക്കാന്‍ പദ്ധതി എന്തെങ്കിലുമുണ്ടോ എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കാനുള്ള നടപടി</u>

919

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി ലഭ്യമാക്കാനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് എത്ര സെന്റ് ഭൂമി വീതം എവിടെയൊക്കെ ആർക്കൊക്കെ നൽകി എന്നത് സംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 12.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി സങ്കേതങ്ങളെ സ്വയംപര്യാപ്തമാക്കുന്ന പദ്ധതി</u>

920 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളെ സ്വയംപര്യാപ്തമാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരളത്തിലെ മുഴുവൻ പട്ടികജാതി കോളനികളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഫണ്ടനുവദിച്ചിട്ടുണ്ടോ; നിലവിൽ ഈ പദ്ധതി നടപ്പിലാക്കുന്ന കോളനികൾ ഏതൊക്കെ എന്ന് നിയമസഭാ മണ്ഡലങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(സി) തെരഞ്ഞെടുക്കപ്പെട്ട ഓരോ കോളനികളിലും ഏതൊക്കെ ഏജൻസികളാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്; ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വിശദീകരിക്കാമോ;

(ഡി) റാന്നി നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കോളനിയിൽ വികസന പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ധാരണാപത്രം ഒപ്പിട്ടോ; വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ

921

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സ്വയംപര്യാപ്ത പട്ടികജാതി സങ്കേതങ്ങൾ പദ്ധതി പ്രകാരം കോഴിക്കോട് കാട്ടുവയൽ കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' പദ്ധതി

922 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച 'സ്വയം പര്യാപ്ത ഗ്രാമങ്ങൾ' പദ്ധതി പ്രകാരം എത്ര പട്ടികജാതി കോളനികളാണ് ഏറ്റെടുത്ത് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഇതിനകം എത്ര തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സ്വയം പര്യാപ്ത ഗ്രാമങ്ങൾ</u>

923 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, വർക്കല കഹാർ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന. സ്വയം പര്യാപ്തത ഗ്രാമങ്ങൾ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പട്ടികജാതി ഗ്രാമങ്ങളിൽ എന്തെല്ലാം അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

ഇ-ഗ്രാന്റ്സ് സംവിധാനം

924 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് സംവിധാനം മുഖേന ലഭിക്കേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-ഗ്രാന്റ്സ് സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏത് മാസം വരെയുള്ള സാമ്പത്തിക ആനുകൂല്യങ്ങളാണ് ഇ-ഗ്രാന്റ്സ് വഴി വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വകലാശാലകളിൽ ജെ.ആർ.എഫ്., എസ്,ആർ.എഫ് ഉൾപ്പെടെ വിവിധ ഗവേഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന എത്ര വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സംവിധാനം വഴി ഗ്രാന്റിന് അർഹതയുള്ളത്; ഇവരിൽ എത്ര പേരുടെ എന്നുവരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്;

(ഡി) പ്രൊഫഷണൽ ഡിഗ്രി/ഡിപ്ളോമാ കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന എത്ര വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സംവിധാനം വഴി ഗ്രാന്റിന് അർഹതയുള്ളത്; ഇതിൽ എത്ര പേർക്ക് എന്നുവരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്;

(ഇ) ആർട്സ് & സയൻസ് ഡിഗ്രി കോഴ്സുകൾ പഠിച്ചുകൊണ്ടിരിക്കുന്ന എത്ര വിദ്യാർത്ഥികൾക്കാണ് പ്രസ്തുത സംവിധാനം വഴി ഗ്രാന്റിന് അർഹതയുള്ളത്; ഇതിൽ എത്ര പേർക്ക് എന്നു വരെയുള്ള ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പി. പി. ഗോപി കമ്മീഷൻ</u>

925 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. പി. ഗോപി ചെയർമാൻ കമ്മീൻ എന്നാണ് രീപീകരിച്ചത്;

(ബി) ഏതൊക്കെ സമുദായങ്ങളെക്കുറിച്ചാണ് പ്രസ്തുത കമ്മീഷൻ പഠനം നടത്തിയത്;

(സി) പ്രസ്തുത വിഷയത്തിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എന്നാണ് സമർപ്പിച്ചത്;

(ഡി) പ്രസ്തുത റിപ്പോർട്ടിൽ എന്തൊക്കെ ശുപാർശകൾ ഉൾക്കൊണ്ടിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവ ഏതെല്ലാമെന്ന് വെളിപ്പെടുത്താമോ;

(എഫ്) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>പട്ടികജാതിക്കാർക്ക് ചികിൽസാ ധനസഹായം</u>

926 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരകരോഗങ്ങൾ ബാധിച്ച പട്ടികജാതിക്കാർക്ക് ഒരു ലക്ഷം രൂപാ വരെ ചികിൽസാധനസഹായം നൽകുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര പേർക്ക് ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം രോഗങ്ങൾക്കാണ് ഒരു ലക്ഷം രൂപ വരെ ചികിൽസാ ധനസഹായം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ധനസഹായം ലഭിക്കാൻ അപേക്ഷ എവിടെ നൽകണമെന്നും അപേക്ഷയിൽ എന്തെല്ലാം രേഖകൾ ഉൾപ്പെടുത്തണമെന്നും വിശദമാക്കാമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

927 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദ സഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒരു ലക്ഷം രൂപ പ്രകാരം സഹായധനം അനുവദിച്ച രോഗികളുടെ വിശദ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പിന്നോക്ക വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതികൾ</u>

928 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വികസന കോർപ്പറേഷനും മുന്നോക്ക വികസന കോർപ്പറേഷനും രൂപീകരിച്ചതിന് ശേഷം ഓരോ കോർപ്പറേഷനും നാളിതുവരെ സർക്കാർ നല്കിയ തുക എത്രയാണെന്നും ഏതെല്ലാം പദ്ധതികൾ കോർപ്പറേഷനുകൾ വഴി നടപ്പിലാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പെയ്ഡപ് ഷയർ ക്യാപിറ്റൽ എത്രയാണ്;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്ക് എത്ര ബോർഡ് അംഗങ്ങൾ ഉണ്ടെന്നും ചെയർമാന്റെ പദവിയും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പട്ടികജാതി-പട്ടികവര്‍ഗ്ഗ കോര്‍പ്പറേഷനില്‍ വായ്പാ കുടിശ്ശികയിളവ് നല്‍കുന്നതു സംബന്ധിച്ച്

929

ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന പട്ടികജാതി-പട്ടികവര്‍ഗ്ഗ കോര്‍പ്പറേഷനില്‍ എഴുതിത്തള്ളുവാനോ ഇളവുകള്‍ അനുവദിക്കാനോ ഒറ്റത്തവണ തീര്‍പ്പാക്കല്‍ പദ്ധതി പ്രകാരം കുടിശ്ശികയടക്കുവാനോ തീരുമാനിച്ച വായ്പകളുടെ വിശദവിവരം നല്‍കുമോ;

(ബി) 21 വര്‍ഷം വരെ തിരിച്ചടവ് കാലാവധിയുണ്ടെന്ന കാരണത്താല്‍ വായ്പാ കുടിശ്ശിക തിരിച്ചടവില്‍ ഇളവ് അനുവദിക്കാത്ത സാഹചര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) എങ്കില്‍ അത്തരം വായ്പകളെക്കുറിച്ച് വിശദമായി പരിശോധിക്കുവാനും മേല്‍ വിവരിച്ച ഇളവ് നല്‍കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വിഭാഗങ്ങൾ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ</u>

930 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗങ്ങൾ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതി തളളുന്നതിന് ഇപ്പോഴത്തെ സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിനായി കഴിഞ്ഞ സർക്കാർ അനുവദിച്ചതും ചെലവഴിച്ചതുമായ തുക എത്രയെന്നും എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) നിലവിലുളള ആനുകൂല്യം വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിഗണിക്കാൻ തയ്യാറാവുമോ;

(ഡി) ജപ്തി ഭീഷണി നേരിടുന്നവരെ സഹായിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ് വർദ്ധന

931 ശ്രീ. കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻഡ്, സ്കോളർഷിപ്പ് എന്നിവ വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) സ്റ്റൈപ്പൻഡ്, സ്കോളർഷിപ്പ് എന്നിവ ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത വരുമാനപരിധി ഉയർത്തുന്നതിനോ എടുത്തുകളയുന്നതിനോ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ ഇ-ലാബ് പദ്ധതി

932 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളിൽ നടപ്പാക്കിയ ഇ-ലാബ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുക ബജറ്റിൽ വകകൊള്ളിച്ചുവെന്നും ആയതിൽ എത്ര രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ആരായിരുന്നുവെന്നും എത്ര തുക പ്രസ്തുത ഏജൻസിക്ക് നൽകിയെന്നും വ്യക്തമാക്കാമോ; പ്രസ്തുത തുക എന്തെല്ലാം പരിപാടികൾക്കായാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരിപാടിയിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികൾക്ക് ആരാണ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

തൃക്കരിപ്പൂർ മണ്ഡലത്തിൽ ജി.എം.ആർ.എസ്. സ്കൂളിൽ പ്ലസ് ടു കോഴ്സ്

933 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ കൊട്ടക്കാട് ജി.എം.ആർ.എസ്. സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ തൊഴിൽ പരിശീലന പരിപാടി</u>

934 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വികസന വകുപ്പ് വിവിധ തൊഴിൽ പരിശീലന പരിപാടികൾക്കായി ചെലവഴിച്ച തുക എത്ര;

(ബി) ഓരോ വർഷവും എത്ര പേർക്ക് പരിശീലനം നൽകിയെന്നും ഇതിൽ എത്ര പേർക്ക് തൊഴിൽ നൽകിയെന്നും വ്യക്തമാക്കുമോ;

(സി) പരിശീലനങ്ങൾക്കായി ഏതെല്ലാം സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയെന്നും സംസ്ഥാനത്തിന് പുറത്തു നിന്നും ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം ഏജൻസികളെ നിശ്ചയിച്ചതിന്റെ മാനദണ്ഡം വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2013–ലെ മറുപടിക്ക്

<u>പട്ടികജാതിക്കാർക്ക് കാർഷിക പദ്ധതി</u>

935 ശ്രീ. ലൂഡി ലൂയിസ്
'' വി. പി. സജീന്ദ്രൻ
'' റ്റി. എൻ. പ്രതാപൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് പാട്ട കൃഷിക്കും കാർഷിക പ്രവർത്തനത്തിനും പ്രത്യേക പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ എന്തെല്ലാം?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പദ്ധതി</u>

936 ശ്രീ.കെ. മുരളീധരൻ
'' എ.പി.അബ്ദുള്ളക്കുട്ടി
'' വി.പി.സജീന്ദ്രൻ
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി പട്ടിക ജാതിക്കാരുടെ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകാൻ പദ്ധതി രൂപികരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ധേശ്യലക്ഷ്യങ്ങൾ വിശദീകരിക്കാമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് ഇതു നടപ്പാക്കുന്നത്; വിശദമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

വിനോദസഞ്ചാര കേന്ദ്ര വികസനം

937 ശ്രീ. ജോസഫ് വാഴക്കൻ
,, പി.എ. മാധവൻ
,, ഷാഫി പറമ്പിൽ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്ര വികസനം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;

(സി) ഏതെല്ലാം തരം പങ്കാളിത്തമാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ടൂറിസം വികസന മേഖലയിൽ കേന്ദ്രത്തിന്റെ മുതൽ മുടക്ക്</u>

938 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ടൂറിസം വികസന മേഖലയിൽ കേന്ദ്ര സർക്കാരിന്റെ മുതൽ മുടക്ക് എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പെടുത്തി ഇക്കാലയളവിൽ ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും ഇതേവരെ ചെലവഴിച്ച തുക, പദ്ധതി പ്രവർത്തനത്തിന്റെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ;

(സി) വികസന സാദ്ധ്യതയുള്ള കൂടുതൽ പ്രദേശങ്ങളെ ഉൾപ്പെടുത്തി ഏതെല്ലാം പുതിയ പദ്ധതികളാണ് കേന്ദ്ര സഹായത്തിനായി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കൂടുതൽ പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കേന്ദ്രസഹായ ടൂറിസം പദ്ധതികൾ</u>

939 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ സഹായത്തോടെ നിർമ്മാണത്തിലിരിക്കുന്ന ടൂറിസം പദ്ധതികൾ എത്രയാണ്; അവ ഏതൊക്കെ;

(ബി) കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള ടൂറിസം പദ്ധതികളിൽ, നിശ്ചിത സമയത്തിനകം നിർമ്മാണം പൂർത്തിയാക്കിയവ എത്ര; ഏതെല്ലാം;

(സി) കേന്ദ്ര സർക്കാർ നിശ്ചയിച്ച സമയപരിധി പിന്നിട്ട ടൂറിസം പദ്ധതികൾ ഏതെല്ലാം; പ്രസ്തുത പദ്ധതികൾ ഓരോന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും;

(ഡി) 2011-12, 2012-13 എന്നീ സാമ്പത്തികവർഷങ്ങളിൽ കേന്ദ്രാനുമതി ലഭിക്കാൻ സമർപ്പിച്ച മൊത്തം ടൂറിസം പദ്ധതികൾ എത്ര; പ്രസ്തുത പദ്ധതികൾ എത്ര തുകയുടേത്; അവയിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്നും എന്തു തുകയ്ക്കുള്ളതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ടൂറിസം വികസനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും പുതിയ പദ്ധതികൾ

940 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ വിനോദ സഞ്ചാര വകുപ്പിന് കേന്ദ്ര സർക്കാരിൽ നിന്നും ടൂറിസം വികസനവുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ടൂറിസം വകുപ്പ് കേന്ദ്ര സർക്കാരിലേക്ക് അനുമതി തേടിക്കൊണ്ട് ഏതെല്ലാം പ്രോജക്ടുകളാണ് സമർപ്പിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ടൂറിസം മാർക്കറ്റിംഗ്</u>

941 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് എംപാനൽ ചെയ്തിട്ടുള്ള മാർക്കറ്റിംഗ് പ്രവൃത്തികൾക്ക് 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ നൽകിയ തുക എത്രയാണെന്ന് വിശദമാക്കാമോ; നൽകാൻ അവശേഷിക്കുന്ന തുക എത്ര;

(ബി) ടൂറിസം മാർക്കറ്റിംഗിനായി കഴിഞ്ഞ രണ്ട് വർഷം ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക എത്ര; പ്രസ്തുത തുകയിൽ ചെലവഴിച്ചത് എത്ര; ടൂറിസം പ്രൊമോഷൻ ബോർഡ് വഴി ചെലവഴിക്കാൻ ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിക്കുകയുണ്ടായോ; എങ്കിൽ, ഏത് രീതിയിൽ എന്ത് തുക ചെലവഴിച്ചു?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കെ.ടി.ഡി.സി യുടെ പ്രവര്‍ത്തനങ്ങള്‍

942 ശ്രീ. കെ. ദാസന്‍
,, കെ. കെ. നാരായണന്‍
,, കെ. വി. അബ്ദുള്‍ ഖാദര്‍
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കെ.ടി.ഡി.സിയുടെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ; കെ.ടി.ഡി.സി. യുമായി ബന്ധപ്പെട്ട വികസന പദ്ധതികള്‍ ഓരോന്നും ഏത് ഘട്ടത്തിലാണ്;

(ബി) കെ.ടി.ഡി.സി ചെയര്‍മാന്‍ രാജി സന്നദ്ധത അറിയിക്കാനിടയായ സാഹചര്യം വിശദമാക്കുമോ ;

(സി) ചെയര്‍മാനും മാനേജിംഗ് ഡയറക്ടറും ഉന്നയിച്ചതായി റിപ്പോര്‍ട്ടു ചെയ്യപ്പെട്ട ആരോപണങ്ങളെക്കുറിച്ച് സമഗ്രാന്വേഷണം നടത്താന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

കെ. ടി. ഡി. സി. യുടെ ലാഭനഷ്ട കണക്ക്

943 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.ടിഡി.സി.യുടെ കഴിഞ്ഞ പത്ത് വർഷത്തെ ലാഭനഷ്ട കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) 2013-14 സാമ്പത്തിക വർഷം കെ.ടി.ഡി.സി പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; എന്ത് തുക ഇതിനായി ചെലവ് പ്രതീക്ഷിക്കുന്നു; എന്തു തുക കടം എടുക്കാനുദ്ദേശിക്കുന്നു;

(സി) കെ.ടി.ഡി.സി.യുടെ ഇപ്പോഴത്തെ കടം എത്രയാണ്; മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ഏതെല്ലാം പദ്ധതികൾ ഇതിനകം പൂർത്തിയായിട്ടുണ്ട്; അവശേഷിക്കുന്നവ ഏതൊക്കെ ;

(ഡി) കെ.ടി.ഡി.സി.യുടെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു; അതിനായി എന്തു തുക അനുവദിക്കുകയുണ്ടായി ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സെക്രട്ടറിമാർ</u>

944 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകളുടെ സെക്രട്ടറിയായി നിയോഗിക്കപ്പെടുന്നവരുടെ യോഗ്യതകൾ സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കുമോ ;

(ബി) നിലവിലുള്ള ഡി. ടി. പി. സി. സെക്രട്ടറിമാരിൽ പ്രസ്തുത യോഗ്യത ഇല്ലാത്തവർ ആരൊക്കെയാണ് ;

(സി) സർവ്വീസിൽ സ്ഥിരമായിട്ടില്ലാത്ത എത്ര പേർ സെക്രട്ടറിയായി ഡെപ്യൂട്ടേഷനിൽ പ്രവൃത്തിച്ചു വരുന്നുണ്ട് ;

(ഡി) കോൺട്രാക്ട് വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്നവരുടെ അലവൻസ് നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

തീർത്ഥാടന ടൂറിസ്റ്റ് സർക്യൂട്ട്

945 ശ്രീ.എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീർത്ഥാടന ടൂറിസ്റ്റ് സർക്യൂട്ട് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തീർത്ഥാടന കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയാണ് പ്രസ്തുത ടൂറിസ്റ്റ് സർക്യൂട്ട് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വയനാട്ടിലെ തീർത്ഥാടന കേന്ദ്രങ്ങൾ പ്രസ്തുത സർക്യൂട്ടിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

പിൽഗ്രിം സർക്യൂട്ട് ടൂറിസം പദ്ധതി

946 ശ്രീ. സണ്ണി ജോസഫ്
,, പി. സി. വിഷ്ണുനാഥ്
,, അൻവർ സാദത്ത്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പിൽഗ്രിം സർക്യൂട്ട് ടൂറിസം പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് തീർത്ഥാടകർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഏതെല്ലാം ഏജൻസികളാണ് പദ്ധതി നടത്തിപ്പിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഏജ് ഹാൾട്ട് പദ്ധതി

947 ശ്രീ. റ്റി. എൻ. പ്രതാപൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകൾക്കായി ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും വിശദാംശങ്ങളും നൽകുമോ;

(സി) വിദേശ സഞ്ചാരികൾക്ക് ആയുർവേദ ചികിൽസ ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു; വിശദമാക്കുമോ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ടൂറിസം വികസനത്തിന് പദ്ധതി</u>

948 ശ്രീ.അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം വികസനത്തിന് വേണ്ടി ടൂറിസ്റ്റുകളെ ആകര്‍ഷിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളേയും ഏകോപിപ്പിക്കുന്ന എന്തെല്ലാം പദ്ധതികളാണ് ഈ സര്‍ക്കാര്‍ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പരിസ്ഥിതി സംരക്ഷിക്കുന്നതിന് ടൂറിസം മേഖലയില്‍ നടപ്പാക്കിയ പദ്ധതികള്‍ വിശദമാക്കുമോ;

(ഡി) നടപ്പു സാമ്പത്തിക വര്‍ഷം ടൂറിസ്റ്റുകളുടെ എണ്ണത്തില്‍ മുന്‍കാലങ്ങളേക്കാള്‍ വര്‍ദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കാമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>വിനോദസഞ്ചാര വികസനം</u>

949 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഉണ്ടായ വരുമാനക്കുറവ് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) തദ്ദേശ - ആഭ്യന്തര ടൂറിസം വരുമാനത്തിലുണ്ടായ കുറവ്/വർദ്ധന വ്യക്തമാക്കുമോ;

(സി) ടൂറിസ്റ്റുകൾക്കായി നടത്തപ്പെടുന്ന പരിപാടികളിൽ എത്രമാത്രം ടൂറിസ്റ്റ് പങ്കാളിത്തമുണ്ടായി എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത മേഖലയുടെ വളർച്ചയ്ക്കായി ആവിഷ്കരിച്ച പദ്ധതികളെക്കുറിച്ച് വിശദീകരിക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>മണിയാർ ഡാം ടൂറിസം പദ്ധതി</u>

950 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണിയാർ ഡാം ടൂറിസം പദ്ധതിക്ക് അനുമതി ലഭിച്ചതെന്ന്; എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്; ഇതിനായി എത്ര രൂപയാണ് അനുവദിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഏത് ഏജൻസിയാണ് ഏറ്റെടുത്തിരുന്നത്; എത്ര നാളുകൾക്കകം പദ്ധതി പൂർത്തികരിക്കാനാണ് കരാർ ചെയ്തിരുന്നത്; എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാക്കിയത്; എത്ര തുക ഏജൻസിക്ക് നൽകിയിട്ടുണ്ട്; ബാക്കി നിർമ്മാണം പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനങ്ങൾ നിലച്ചതു മൂലം, നിർമ്മാണം പൂർത്തിയാക്കിയ പ്രദേശം സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) പെരുന്തേനരുവി ടൂറിസം പദ്ധതിക്കായി അനുവദിച്ച തുക, വിഭാവനം ചെയ്തിരുന്ന പദ്ധതികൾ, പൂർത്തീകരിച്ചതും, പൂർത്തീകരിക്കാനുള്ളതുമായ പ്രവർത്തികൾ, എന്നത്തേക്ക് ഈ പദ്ധതി പൂർത്തീകരിക്കാനാവും എന്നീ വിവരങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്
<u>തീരദേശ ടൂറിസം സർക്യൂട്ട്</u>

951 ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ബിയ്യം കായൽ മുതൽ കടലുണ്ടി പക്ഷി സങ്കേതം വരെയുള്ള തീരപ്രദേശത്തെ ഉൾക്കൊള്ളിച്ച് തീരദേശ ടൂറിസം സർക്യൂട്ട് പ്രഖ്യാപിക്കുമോ;

(ബി) ബിയ്യം കായൽ, കൂട്ടായി അഴിമുഖം, ഒട്ടുമ്പുറം ടൂറിസം കേന്ദ്രം, കീരാനെല്ലൂർ ടൂറിസ്റ്റ് കേന്ദ്രം, കടലുണ്ടി പക്ഷി സങ്കേതം എന്നീ കേന്ദ്രങ്ങളെ കനോലി കനാൽ വഴി ബന്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ;

(സി) പ്രസ്തുത കനാലിൽ ബോട്ട് ഗതാഗതമൊരുക്കുന്നതിനും ഇരുകരകളിലും സൗന്ദര്യവൽക്കരണം നടത്തുന്നതിനും പദ്ധതികളാവിഷ്ക്കരിക്കുമോ;

(ഡി) ഇതിനായി മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ വകുപ്പുതല ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിക്കുന്ന കാര്യം ആലോചിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സീ- പ്ലെയിൻ സർവ്വീസ്</u>

952 ശ്രീ. കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീപ്ലെയിൻ സർവ്വീസ് നടത്തുന്നതിന് കേന്ദ്ര വ്യോമയാന മന്ത്രാലയം അംഗീകാരം നൽകിയിട്ടുള്ള ഏജൻസികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സീപ്ലെയിൻ പരിസ്ഥിതി മലിനീകരണവും ജലമലിനീകരണവും ഉണ്ടാക്കുന്നില്ലെന്നും മത്സ്യബന്ധനം നടത്തുന്നതിന് വിഘാതമല്ല എന്നുമുള്ള പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) സീപ്ലെയിൻ സർവ്വീസ് നടത്തുന്നതിന് ചെലവഴിച്ച തുകയുടെ കണക്ക് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സീ പ്ലെയിൻ സർവ്വീസ് ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ</u>

953 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കാനിരിക്കുന്ന സീപ്ലെയിൻ സർവ്വീസ് ഉണ്ടാക്കിയേക്കാവുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) വലിയതോതിൽ ജലമലിനീകരണം ഉണ്ടാക്കുന്നതും മത്സ്യ ബന്ധനത്തിന് തടസ്സങ്ങൾ സൃഷ്ടിക്കുന്നതുമായ പ്രസ്തുത പദ്ധതിയുമായി സർക്കാർ മുന്നോട്ടുപോകുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സീപ്ലെയിന്‍ പദ്ധതിയുമായി ബന്ധപ്പെട്ട ആശങ്കകള്‍</u>

T954 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
'' കെ. രാജു
'' പി. തിലോത്തമന്‍
'' കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സീ-പ്ലെയിന്‍ പദ്ധതി നിലവില്‍ വന്നാല്‍ മത്സ്യത്തൊഴിലാളികള്‍ക്കും ഉള്‍നാടന്‍ ജലാശയങ്ങള്‍ക്കും മത്സ്യസമ്പത്തിനും നാശം സംഭവിക്കുമെന്ന ആശങ്ക ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത ആശങ്കയകറ്റുന്നതിന് സ്വീകരിച്ചുവരുന്ന നടപടികള്‍ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതി ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനങ്ങള്‍ ലഭിച്ചിട്ടുണ്ടോ; എങ്കില്‍ പ്രസ്തുത നിവേദനങ്ങളിന്‍മേല്‍ എന്തു നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>സീ പ്ലെയിൻ പദ്ധതി</u>

955

ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സീപ്ലെയിൻ പദ്ധതിയുടെ ഭാഗമായി ടൂറിസം വികസന സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആരാണ് പഠനം നടത്തിയത്; പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) സീ പ്ലെയിൻ പദ്ധതിക്ക് സർക്കാർ വക മുതൽമുടക്കും സ്വകാര്യ മുതൽമുടക്കും എത്ര രൂപയാണെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) ജലാശയങ്ങൾക്കും ജൈവ വിഭവങ്ങൾക്കും പരിസ്ഥിതിക്കും പ്രസ്തുത പദ്ധതി മൂലം ആഘാതമേൽക്കുന്നതു സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്</u>

956 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് ടൂറിസം വകുപ്പിന്റെ മാർക്കറ്റിംങ് ബ്രോഷറുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ ;

(ബി) ടൂറിസം വകുപ്പ്, മാർക്കറ്റിംങിന്റെ ഭാഗമായി പങ്കെടുക്കുന്ന അന്താരാഷ്ട്ര ടൂറിസം ഫെയറുകളിൽ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് പരാമർശിക്കുന്ന ബ്രോഷറുകൾ ഉൾപ്പെടുത്താമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിലെ സൗകര്യങ്ങൾ</u>

957

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും**
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിനോടനുബന്ധിച്ച് പുതുതായി എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു; ഈ സർക്കാർ പുതുതായി ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളുടെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയും;

(ബി) ക്രാഫ്റ്റ് വില്ലേജിലെത്തുവാൻ നാഷണൽ ഹൈവേയിൽ നിന്ന് പുഴയോരത്ത് കൂടി ഒരു റോഡ് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്താൻ നിർദ്ദേശിച്ച ജോലികളുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് (സർഗ്ഗാലയ)

958 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് (സർഗ്ഗാലയ) കേന്ദ്രീകരിച്ച് ഇപ്പോഴത്തെ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം;

(ബി) പ്രസ്തുത വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടൻ സ്ഥാപിക്കുന്നതിനായി സമർപ്പിക്കപ്പെട്ട പ്രോജക്റ്റ് പ്രപ്പോസൽ കേരള ടൂറിസം സർക്ക്യൂട്ടിൽ ഉൾപ്പെടുത്തി കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ടോ എന്നത് വ്യക്തമാക്കുമോ;

(സി) നോർത്ത് കേരള ടൂറിസം സർക്ക്യൂട്ടിൽ ഉൾപ്പെടുത്തി കേന്ദ്രത്തിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാം; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

959 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ, പരവൂർ-തെക്കുംഭാഗം എന്നിവിടങ്ങളിൽ ടൂറിസം പദ്ധതികൾ നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷിച്ചിരുന്നുവോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) ആദിച്ചനെല്ലൂർ ചിറ ടൂറിസവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ പദ്ധതിക്കാണ് അനുമതി നൽകിയിട്ടുള്ളത്; പ്രസ്തുത പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് പ്രാവർത്തികമാക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

ഭൂതത്താൻ കെട്ടിലെ ടൂറിസം സൗകര്യങ്ങൾ

960 ശ്രീ.റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂതത്താൻകെട്ടിൽ വിനോദ സഞ്ചാരികൾക്കാവശ്യമായ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പോലീസ് ഔട്ട്പോസ്റ്റ്, കെ.റ്റി.ഡി.സി. ഹോട്ടൽ, അമിനിറ്റി സെന്റർ തുടങ്ങിയവ അടിയന്തിരമായി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കായംകുളം ജലോത്സവം</u>

961 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും**
**വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം ജലോത്സവത്തിനു മുന്നോടിയായി കായലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിന് ജലവിഭവ വകുപ്പിനോടഭ്യർത്ഥിക്കുമോ;

(ബി) പ്രസ്തുത ജലോത്സവത്തിനുളള ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>ഉത്തര മലബാർ ജലോത്സവം</u>

962 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ തേജസ്വിനി പുഴയിൽ നടത്തിവരുന്ന ഉത്തരമലബാർ ജലോത്സവം നടത്തുന്നതിന് സാമ്പത്തിക സഹായം പ്രഖ്യാപിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കോഴിക്കോട്ടെ ഹോസ്പിറ്റാലിറ്റി ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തനങ്ങള്‍</u>

963 ശ്രീ. എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ടൂറിസം വകുപ്പിനു കീഴിലുള്ള കോഴിക്കോട്ടെ ഹോസ്പിറ്റാലിറ്റി ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ പ്രവര്‍ത്തനങ്ങള്‍ വിലയിരുത്തിയിട്ടുണ്ടോ;

(ബി) മുന്‍ സര്‍ക്കാരിന്റെ കാലത്ത് തീരുമാനിച്ച കെട്ടിട നിര്‍മ്മാണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത ഇന്‍സ്റ്റിറ്റ്യൂട്ടിന്റെ ഗവേണിംഗ് ബോഡി യോഗം അവസാനമായി നടന്നത് എപ്പോഴാണ്; യോഗ തീരുമാനങ്ങള്‍ എല്ലാം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ഗവേണിംഗ് ബോഡി യോഗങ്ങളുടെ ഏതെല്ലാം തീരുമാനങ്ങള്‍ ഇനിയും നടപ്പിലാക്കാന്‍ കഴിഞ്ഞിട്ടില്ലെന്നും അതിനുള്ള കാരണങ്ങളും വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>പേരാമ്പ്ര മണ്ഡലത്തിലെ ടൂറിസം വികസനം</u>

964 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ പെരുവണ്ണാമുഴിയിൽ ടൂറിസം വികസനത്തിനായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനുവേണ്ടി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പ്രവർത്തി എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതി

965 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുട്ടറ മരുതിമല ഇക്കോ ടൂറിസം പദ്ധതിയിലെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ?

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

<u>കുറ്റ്യാടി മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ</u>

966

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികജാതി - പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ ടൂറിസം വകുപ്പ് നടപ്പാക്കിവരുന്ന ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് ടൂറിസം വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത്;

(സി) പ്രസ്തുത സഹായം ലഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത് എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2013-ലെ മറുപടിക്ക്**

<u>കഠിനംകുളം ബാക്ക് വാട്ടർ ടൂറിസം പദ്ധതി</u>

967 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം ബാക്ക് വാട്ടർ പദ്ധതിയ്ക്ക് ലഭ്യമാക്കിയ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര ഫണ്ട് വിനിയോഗിച്ചാണോ സംസ്ഥാന ഫണ്ട് വിനിയോഗിച്ചാണോ എന്നും ഇതിനായി എത്ര തുകയുടെ ഭരണാനുമതിയാണ് ലഭിച്ചിരുന്നത് എന്നും വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ ചുമതല ഏത് ഏജൻസിക്കാണെന്നും ഇതിന് മേൽനോട്ടം വഹിക്കുന്ന ടൂറിസം വകുപ്പ് ഉദ്യോഗസ്ഥൻ ആരാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി ഏതെല്ലാം പ്രവൃത്തിയാണ് പൂർത്തിയാക്കാനുളളതെന്നും ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന കൊല്ലമ്പുഴയിൽ അനുവദിച്ച നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ എന്തൊക്കെയാണെന്നും ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(എഫ്) ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലുൾപ്പെടുന്ന ഭാഗത്തിന്റെ ഉദ്ഘാടനം ചെയ്തതിനുശേഷവും ഇത് അടച്ചിട്ടിരിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടെ കുടിവെളളത്തിനും വൈദ്യു

# കേരള നിയമസഭ
## 12.06.2013-ലെ മറുപടിക്ക്

തിയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ജി) ഇതിന്റെ തുടർ പ്രവർത്തനത്തിന് എം.പി., എം.എൽ.എ. എന്നിവർക്കും മുനിസിപ്പാലിറ്റിക്കും പ്രാതിനിധ്യം നൽകി ഒരു വികസന സമിതി രൂപീകരിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി.ഡി. ശാരംഗധരൻ
തിരുവനന്തപുരം, സെക്രട്ടറി
2013 ജൂൺ 03

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം 5.00 മണിയ്ക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ ചട്ടം 47(1)]